"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് - പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് പഠന കിറ്റ്, വ്യത്യസ്ത മേഖലയിൽ വ്യക്തിഗത ഇനങ്ങളിൽ കഴിവ് തെളിയിച്ച കുട്ടികൾക്കുള്ള ക്യാഷ് അവാർഡ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള ബോർഡ് യോഗതീരുമാനത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1403/2025/LBR തീയതി,തിരുവനന്തപുരം, 17-12-2025**

---

പരാമർശം:- 1. 20/08/2025 തീയതിയിലെ 703-മത് ബോർഡ് യോഗ തീരുമാനം

2. 01.092025-ലെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ KTWWFB/1256/2025-CELL2 നമ്പർ കത്ത്.

**ഉത്തരവ്**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ ഒന്നാം ക്ലാസ്സ് മുതൽ എഴാം ക്ലാസ്സ് വരെ ക്ലാസുകളിൽ പഠിക്കുന്ന മക്കൾക്ക് 2026 -27 അദ്ധ്യയന വർഷം മുതൽ പഠന കിറ്റ്( ജി.എസ്.റ്റി അടക്കം പരമാവധി ആയിരം രൂപക്കുള്ളിൽ) (ബാഗ്-1, കുട -1, പെൻസിൽ ബോക്സ്-1, പേന -2, പെൻസിൽ-2, ഇറെസർ-1, ഷാർപ്പ്നർ-1, നോട്ട് ബുക്ക്- 2-4) വിതരണം ചെയ്യുന്നതിനും ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ വ്യത്യസ്ഥ മേഖലയിൽ വ്യക്തിഗത ഇനങ്ങളിൽ കഴിവ് തെളിയിച്ച (കലാ-കായിക-ഉന്നത വിദ്യാഭ്യാസം) കുട്ടികൾക്ക് 2025-26 അദ്ധ്യയന വർഷം മുതൽ സംസ്ഥാന തലത്തിൽ 5,000/-(അയ്യായിരം രൂപ മാത്രം ) രൂപയും, ദേശീയ തലത്തിൽ 10,000/-(പതിനായിരം രൂപ മാത്രം) രൂപയും ബോർഡിൽ നിന്നും ക്യാഷ് അവാർഡ് ആയി നൽകുന്നതിനും പരാമർശം (1) ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടെന്നും ആയതിന് സർക്കാർ അംഗീകാരം ലഭ്യമാക്കണമെന്നും ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ ഒന്നാം ക്ലാസ്സ് മുതൽ എഴാം ക്ലാസ്സ് വരെ ക്ലാസുകളിൽ പഠിക്കുന്ന മക്കൾക്ക് 2026 -27 അദ്ധ്യയന വർഷം മുതൽ പഠന കിറ്റ്( ജി.എസ്.റ്റി അടക്കം പരമാവധി ആയിരം രൂപക്കുള്ളിൽ) (ബാഗ്-1, കുട -1, പെൻസിൽ ബോക്സ്-1, പേന -2, പെൻസിൽ-2, ഇറെസർ-1, ഷാർപ്പ്നർ-1, നോട്ട് ബുക്ക്- 2-4) വിതരണം ചെയ്യുന്നതിനും ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ വ്യത്യസ്ഥ മേഖലയിൽ വ്യക്തിഗത ഇനങ്ങളിൽ കഴിവ് തെളിയിച്ച (കലാ-കായിക-ഉന്നത വിദ്യാഭ്യാസം) കുട്ടികൾക്ക് 2025-26 അദ്ധ്യയന വർഷം മുതൽ സംസ്ഥാന തലത്തിൽ 5,000/-(അയ്യായിരം രൂപ മാത്രം ) രൂപയും, ദേശീയ തലത്തിൽ 10,000/-(പതിനായിരം രൂപ മാത്രം) രൂപയും ബോർഡിൽ നിന്നും ക്യാഷ് അവാർഡ് ആയി നൽകുന്നതിനുമുള്ള പരാമർശം (1) ബോർഡ് യോഗതീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

3. 1969-ലെ കേരള കള്ള് വ്യവസായ തൊഴിലലി ക്ഷേമനിധി പദ്ധതി ഖണ്ഡിക 23(1) പ്രകാരം ക്ഷേമനിധി പദ്ധതിയിൽ എടുത്തുപറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് തൊഴിലാളികൾക്ക് ആനുകൂല്യ വിതരണം നടത്തേണ്ടത് എന്നതിനാൽ ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്താതെ വിവിധ

ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബോർഡ് നടപ്പിലാക്കുന്ന ആനുകൂല്യവിതരണത്തിനുള്ള മുഴുവൻ പദ്ധതികളും കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ഭേദഗതി പ്രപ്പോസൽ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റെറ്റി പി തോമസ്

അണ്ടർ സെക്രട്ടറി

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 18-12-2025 11:07:36

സെക്ഷൻ ഓഫീസർ

പകർപ്പ് : 1. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

2. തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്